**ഖുർആനിനു സമാനമോ അതിനോടടുത്ത് നിൽക്കാവുന്നതോ ആയ ഒരു ഗ്രന്ഥവും അറബിഭാഷയിൽ ഇതേവരെ ഉണ്ടായിട്ടില്ല. ഖുർആന്റെ ഭാഷ തന്നെയാണ് ഇന്നും ശുദ്ധമായ അറബിഭാഷ.**

# ഖുർആനും അറബിഭാഷയും

മുഹമ്മദ് കാടേരി

അറബിഭാഷയിലുള്ള ഖുർആന്റെ അവതരണം യാദൃഛികമല്ല. ഖുർആന്റെ ആദിപ്രബോധകനും അദ്ദേഹത്തിന്റെ സമൂഹവും അറബികളായിരുന്നുവല്ലോ. എന്നാൽ, ദേശ-ഭാഷാ-വർഗ-വർണഭേദമന്യേ മനുഷ്യർക്കാകമാനം മാർഗദർശകമായി അന്തിമവും അനശ്വരവുമായ വേദഗ്രന്ഥം അവതരിപ്പിക്കുന്നതിന് അല്ലാഹു അറബിഭാഷയെത്തന്നെ തെരഞ്ഞെടുത്തത്, ഇതര ഭാഷകൾക്കന്യമായ ചില ഗുണങ്ങൾ ആ ഭാഷയ്ക്ക് ഉള്ളതുകൊണ്ടുകൂടിയാണെന്ന് കരുതേണ്ടിയിരിക്കുന്നു. ഖുർആന്റെ ഭാഷ അറബിയാണെന്ന് പത്തോളം സൂക്തങ്ങളിൽ അത് ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്. അവയിലൊന്ന് ഇപ്രകാരമാണ്: "ഇത് സർവലോകത്തിന്റെയും രക്ഷിതാവ് അവതരിപ്പിച്ച സന്ദേശമാകുന്നു. അതുമായി വിശ്വസ്തനായ ആത്മാവ് നിന്റെ ഹൃദയത്തിന്മേലിറങ്ങി. താക്കീതു നൽകുന്ന ആളുകളുടെ ഗണത്തിൽ നീ ഉൾപ്പെടേണ്ടതിന്, തെളിഞ്ഞ അറബിഭാഷയിൽ" (അശ്ശുഅറാഅ്: 192-195). തെളിഞ്ഞ അറബിഭാഷ എന്നു പറഞ്ഞതിൽനിന്ന് അറബിഭാഷയുടെ ഒരു സവിശേഷത വ്യക്തമാകുന്നു. ആശയം എത്രമേൽ ഗഹനവും സങ്കീർണവുമാണെങ്കിലും അത് സ്ഫുടമായി പ്രകാശിപ്പിക്കാൻ അറബിഭാഷയോളം കെൽപുള്ള മറ്റൊരു ഭാഷയില്ല. ഏതു ആശയത്തിന്റെയും സൂക്ഷ്മതലങ്ങൾവരെ സംക്ഷിപ്തവും അയത്നലളിതവുമായി പ്രകാശിപ്പിക്കാൻ പര്യാപ്തമാണ് അറബിഭാഷ. അതിഭൗതികവും ഇന്ദ്രിയാതീതവുമായ യാഥാർഥ്യങ്ങളുൾക്കൊള്ളുന്ന ദിവ്യസന്ദേശം അനുവാചകർക്ക് ഗ്രാഹ്യവും ഹൃദ്യവുമായ വിധം അവതരിപ്പിക്കുകയാണ് ഖുർആൻ ചെയ്തിട്ടുള്ളത്. സാമാന്യജനത്തെയും അഭ്യസ്തവിദ്യരെയും പരിണതപ്രജ്ഞരായ ഗവേഷകരെയും ഒരുപോലെ ആകർഷിക്കുകയും അതിശയിപ്പിക്കുകയും ചെയ്ത ദിവ്യവെളിപാടിനെ ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നത് അറബിഭാഷയുടെ ഉദാത്തതയെ വിളംബരം ചെയ്യുന്നു. അറബിയിൽ വളരെ ചെറിയ വാചകത്തിലൂടെ അനാവൃതമാകുന്ന ഒരു ആശയത്തെ ഉൾക്കൊള്ളാൻ മറ്റു ഭാഷകളിൽ പലപ്പോഴും സുദീർഘങ്ങളായ ഒന്നിലധികം വാചകങ്ങൾ ആവശ്യമായിവരുന്നു. 'ഇത് ഒരു പുസ്തകം ആകുന്നു' എന്ന നാലു പദങ്ങളടങ്ങിയ വാചകത്തിന്റെ സ്ഥാനത്ത് അറബിയിൽ *ഹാദാ കിതാബ്* എന്ന രണ്ടു പദങ്ങളേ വേണ്ടൂ. വാക്യത്തിലൊരു പദത്തിന്റെ അന്ത്യാക്ഷരസ്വരത്തിൽ വരുന്ന വ്യതിയാനം ആശയത്തെ അടിമേൽ മറിക്കാൻ പര്യാപ്തമാണെന്നതും അറബിഭാഷയുടെ പ്രത്യേകതയാകുന്നു.

തലമുറകളുടെ നിരന്തരമായ കൈമാറ്റത്തിലൂടെ പരിപക്വമായ സാഹിത്യഭാഷയായി ഖുർആന്റെ അവതരണകാലത്തുതന്നെ അറബിഭാഷ വളർച്ചപ്രാപിച്ചിരുന്നു. ഖുർആന്റെ അവതരണത്തിനുമുമ്പ് മൂന്ന് ഘട്ടങ്ങളിലായി സംഭവിച്ച വികാസപരിണാമങ്ങളാണ് ഈ നിലവാരത്തിലേക്കുയരാൻ അറബിഭാഷയ്ക്കു സഹായകമായത്. വികാസത്തിന്റെ ഒന്നാംഘട്ടം ഇസ്മാഈൽ നബി(അ)യുടെ കാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. അറബിഭാഷയുടെ പ്രാചീന ശൈലീഭേദങ്ങളെ പൊതുവിൽ മൂന്ന് വിഭാഗമായി ചരിത്രകാരന്മാർ തരംതിരിച്ചിട്ടുണ്ട്: ഖഹ്ത്വാനി, ഹിംയരി, ശുദ്ധ അറബി എന്നിവയാണവ. അവയിൽ ശുദ്ധ അറബിശൈലിയിലാണ് ഖുർആന്റെ അവതരണം. ഈ ശുദ്ധ അറബി ഇസ്മാഈൽ നബിക്കു ദിവ്യബോധനത്തിലൂടെ ലഭിച്ചതാണെന്ന് കരുതുന്നവരുണ്ട്. എന്നാൽ, മക്കയിലെ ജുർഹും ഗോത്രവുമായി ഇസ്മാഈൽ നബി(അ) വിവാഹബന്ധം സ്ഥാപിച്ചതിനെത്തുടർന്ന് ഹീബ്രുഭാഷക്കാരനായ ഇസ്മാഈലും അറബികളായ ജുർഹും ഗോത്രവും തമ്മിലുണ്ടായ സമ്പർക്കത്തിന്റെ ഫലമാണ് ശുദ്ധ അറബി എന്ന അഭിപ്രായമാണ് പ്രബലം. അറബിയും ഹീബ്രുവും സെമിറ്റിക് ഭാഷാഗോത്രത്തിലെ സഹോദരങ്ങളാകുന്നു.

അറേബ്യയുടെ വിവിധ മേഖലകളിലും അറേബ്യക്കു പുറത്തും അദ്നാനി ഗോത്രസമൂഹങ്ങളുടെ വിന്യാസത്തിലൂടെ സംഭവിച്ചതാണ് അറബിഭാഷയുടെ ദ്വിതീയഘട്ടത്തിലെ വികാസ-പരിണാമങ്ങൾ. മക്കയിൽ കേന്ദ്രീകരിച്ചിരുന്ന ഈ ഗോത്രങ്ങൾ ജീവിതായോധ

നത്തിനായി വിവിധ മേഖലകളിലേക്ക് കുടിയേറിയപ്പോൾ അന്യഭാഷക്കാരുമായി ബന്ധപ്പെടാൻ അവർക്ക് അവസരം ലഭിച്ചു. ഇതിന്റെ ഫലമായി അവരുടെ ഭാഷയിൽ പുതിയ പദങ്ങളും പ്രയോഗങ്ങളും പ്രചാരത്തിൽവന്നു. അറബിഭാഷയുടെ തൃതീയ വികാസ-സംസ്കരണം ഖുറൈശീഗോത്രഭാഷയിൽ പരിമിതമാകുന്നു. കഅ്ബാമന്ദിരത്തിന്റെ പരിപാലകരെന്ന നിലയിൽ അറബിഗോത്രങ്ങളുടെ നായകപദവി ഖുറൈശികൾക്കായിരുന്നു. ഹജ്ജ് കാലങ്ങളിൽ എല്ലാ ഗോത്രങ്ങളും ഖുറൈശികളുമായി സന്ധിക്കുക പതിവാണ്. ഖുറൈശികൾ അവർക്ക് ആതിഥ്യമരുളി. ഇക്കാരണത്താൽ വിവിധ ഗോത്രക്കാരുടെ ഭാഷാപ്രയോഗങ്ങളും ശൈലീവിശേഷങ്ങളും പരിചയപ്പെടാൻ ഖുറൈശികൾക്കായി. അവയിൽ സുന്ദരവും ആകർഷകവുമായതൊക്കെ അവർ കൈക്കൊള്ളുകയും അരോചകവും ദുർഗ്രഹവുമായത് തിരസ്കരിക്കുകയും ചെയ്തു. ഇപ്രകാരം ഖുറൈശി ഭാഷ ഏറെ പരിഷ്കൃതമാവുകയും പുരോഗമിക്കുകയുമുണ്ടായി. കൂടാതെ ശാം, യമൻ, പേർഷ്യ, അബ്സീനിയ തുടങ്ങിയ നാടുകളിലേക്ക് ഖുറൈശികൾ നടത്തിയിരുന്ന വാണിജ്യയാത്രകളും അവരുടെ ഭാഷയുടെ അഭ്യുന്നതിക്കും വികാസത്തിനും നിമിത്തമായി. നാഗരികസമൂഹങ്ങളുമായി ഇടപഴകാൻ അവസരം ലഭിച്ചതിലൂടെ ഖുറൈശിഭാഷ കൂടുതൽ തികവും മികവും നേടി. അറബിഭാഷയിൽ ഇതര ഗോത്രഭാഷാഭേദങ്ങൾക്ക് കൈവരിക്കാനാകാത്ത നേട്ടമായിരുന്നു അത്.

**ഖുർആന്റെ അവതരണത്തോടെ സങ്കൽപാതീതമായ അഭ്യുന്നതിയാണ് അറബിഭാഷയ്ക്കുണ്ടായത്**

ഖുറൈശിഭാഷയുടെ വികാസത്തിൽ സ്വാധീനം ചെലുത്തിയ മറ്റൊരു ഘടകം ഹിജാസിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന ഉത്സവങ്ങളാണ്. ഈ ഉത്സവങ്ങൾ വാണിജ്യ ഉൽപന്നങ്ങളുടെ വിപണനത്തിനെന്നപോലെ വിശ്രുതരായ കവികൾക്കും പ്രസംഗകർക്കും തങ്ങളുടെ സർഗസിദ്ധികൾ മാറ്റുരക്കാനുള്ള വേദികൾ കൂടിയായിരുന്നു. വിവിധ ഗോത്രങ്ങളിലെ ഭാഷാപടുക്കളുടെയും വിഭിന്ന ഭാഷാശൈലികളുടെയും സംഗമവേദിയായിരുന്ന ഇവിടെ അറബിഭാഷയിൽ പുതുതായി ആവിഷ്കൃതമായിരുന്ന പ്രയോഗങ്ങളും ശൈലികളും വിനിമയം ചെയ്യപ്പെടുക സ്വാഭാവികമാണ്. ശ്രോതാക്കൾ അവ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഖുറൈശികളുടെ കേന്ദ്രങ്ങളിൽ നടന്നിരുന്ന ഇത്തരം സംഗമങ്ങളെ ഏറെ പ്രയോജനപ്പെടുത്തുക ഖുറൈശികൾതന്നെയാണല്ലോ. ഈദൃശ കാരണങ്ങളാൽ ഖുർആന്റെ അവതരണത്തിന് പ്രഥമ പരിഗണന ലഭിക്കാൻ ഖുറൈശിഭാഷ അർഹമായിത്തീർന്നു. മാതൃകാ മുസ്ഹഫുകളുടെ നിർമാണവേളയിൽ 'ഖുർആൻ അവതരിച്ചത് ഖുറൈശികളുടെ ഭാഷയിലാണെന്ന്' മൂന്നാം ഖലീഫ ഉസ്മാൻ(റ) പ്രസ്താവിച്ചത് അനുസ്മരണീയമാണ്.

ഖുർആന്റെ അവതരണത്തോടെ സങ്കൽപാതീതമായ അഭ്യുന്നതിയാണ് അറബിഭാഷയ്ക്കുണ്ടായത്. ഖുർആന്റെ അവതരണത്തിനുമുമ്പ് അറേബ്യയുടെ വിവിധ മേഖലകളിലും ഗോത്രങ്ങളിലും അറബിഭാഷയുടെ പ്രാദേശിക വകഭേദ(*ലഹ്ജ*)ങ്ങളാണ് പ്രചാരത്തിലുണ്ടായിരുന്നത്. വിവിധ ഗോത്രങ്ങൾ തമ്മിൽ പൂർണമായ ആശയവിനിമയം പോലും അസാധ്യമാകുന്ന തരത്തിലുള്ള അന്തരം ഈ ഉപഭാഷകൾക്കിടയിലുണ്ടായിരുന്നു. വിഖ്യാത അറബിഭാഷാപണ്ഡിതനും കവിയുമായ അബൂ അംറിബ്നുൽ അലാഇ (മരണം:ഹി. 154) ന്റെ ഈ പ്രസ്താവനയിൽനിന്ന് പ്രസ്തുത അന്തരത്തിന്റെ ആഴം ഗ്രഹിക്കാനാകും: 'ഹിംയരികളുടെയും യമനിന്റെ വിദൂരദിക്കുകളിലുള്ളവരുടെയും ഭാഷ നമ്മുടെ ഭാഷയല്ല, അവരുടെ അറബി നമ്മുടെ അറബിയല്ല'. (ഉദ്ധരണം: അഹ്മദ് അമീൻ- *ദുഹൽ ഇസ്ലാം* 2/224). ഇസ്‌ലാമികപൂർവകാലത്ത്, യമനിലെ ഹിംയർ വംശത്തിലെ ഒരു രാജാവിനെ സന്ദർശിച്ച ഹിജാസുകാരന്റെ കഥ പ്രസിദ്ധമാണ്: രാജാവ് ആഗതനോട് 'ഇരിക്കൂ' എന്ന അർഥത്തിൽ *സിബ്* എന്നു പറഞ്ഞു. ഹിജാസുകാരനായ ആഗതൻ ഇരിക്കുന്നതിനു പകരം ചാടുകയാണ് ചെയ്തത്. *വസബ* എന്ന പദത്തിന് ഹിംയരിഭാഷയിൽ ഇരുന്നു എന്നും ഹിജാസ്ഭാഷയിൽ ചാടി



എന്നും അർഥമായതാണ് ഇതിനു കാരണം. ഇത് മനസ്സിലാക്കിയ രാജാവ് പ്രസ്താവിച്ചുവത്രെ: "ളഫാറി(ഒരു യമനീനഗരം)ലേക്കു കടന്നവൻ ഹിംയരിഭാഷ പഠിക്കണം". ഖുർആന്റെ അവതരണം ഈ വൈജാത്യങ്ങൾ അവസാനിപ്പിക്കുകയും വ്യത്യസ്ത ഭാഷകളായി വഴിപിരിഞ്ഞുപോകാതെ അറബിഭാഷയെ ഏകീകരിച്ചു നിലനിർത്തുകയും ചെയ്തു. ഖുർആനില്ലായിരുന്നുവെങ്കിൽ അറബിഭാഷ വിവിധ പ്രാദേശികഭാഷകളായി ഛിന്നിച്ചിതറുമായിരുന്നു. പ്രഫ. ഫിലിപ്പ് കെ. ഹിറ്റി ഈ വസ്തുതയിലേക്ക് ഇങ്ങനെ വിരൽചൂണ്ടുന്നു:

"റോമാൻസ് ഭാഷകൾ (ലാറ്റിൻഭാഷയിൽനിന്ന് രൂപംകൊണ്ട ഫ്രഞ്ച്, സ്പാനിഷ് തുടങ്ങിയ യൂറോപ്യൻരാജ്യങ്ങളിലെ പ്രാദേശിക ഭാഷകൾ)ക്ക് സംഭവിച്ചതുപോലെ അറബിഭാഷ സംസാരിക്കുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുടെ പ്രാദേശികഭാഷാരീതികൾ വിഭിന്നങ്ങളായ സ്വതന്ത്രഭാഷകളായി വേർതിരിഞ്ഞുപോകാതിരുന്നത് ഖുർആൻ മൂലമാണ് എന്ന് മനസ്സിലാക്കിയാൽ അതിന്റെ സാഹിത്യപരമായ സ്വാധീനം എത്രത്തോളമാണെന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയും. ഇന്ന് ഒരു ഇറാഖുകാരൻ മൊറോക്കോകാരന്റെ സംസാരം പൂർണമായി മനസ്സിലാക്കാൻ അൽപം പ്രയാസപ്പെട്ടേക്കാമെങ്കിലും അയാളുടെ ലിഖിതഭാഷ ഗ്രഹിക്കാൻ ഒരു പ്രയാസവുമുണ്ടാകുന്നില്ല. കാരണം, ഇറാഖിലും മൊറോക്കോയിലും അതുപോലെ സിറിയ, അറേബ്യ, ഈജിപ്ത് എന്നിവിടങ്ങളിലൊക്കെയും ഖുർആന്റെ മാതൃകയിൽ രൂപപ്പെടുത്തപ്പെട്ട ക്ലാസിക്കൽ ഭാഷ ഗാഢമായി പിന്തുടരപ്പെടുന്നു" (*ഹിസ്റ്ററി ഓഫ് അറബ്സ്*, പേജ്: 127, ഉദ്ധരണം: *ഇസ്‌ലാമികവിജ്ഞാന*

*കോശം*).

ഖുർആന്റെ ഭാഷയെന്ന നിലയിൽ അറബിഭാഷ അനശ്വരവേദത്തിന്റെയും ദൈവികമതത്തിന്റെയും ഭാഷയായിത്തീർന്നു. ഖുർആന്റെ അക്ഷരാർഥങ്ങളുടെ സുരക്ഷിതത്വവും അനശ്വരതയും അല്ലാഹു ഉറപ്പുനൽകിയിട്ടുണ്ട്. ലോകാന്ത്യംവരെയുള്ള മാനവസമൂഹത്തിന്റെ മാർഗദർശകഗ്രന്ഥവും മുസ്‌ലിംകളുടെ ഭരണഘടനയുമാണത്. അറബിഭാഷ ഗ്രഹിക്കാതെ ഖുർആൻ ഗ്രഹിക്കാൻ സാധ്യമല്ല. ഖുർആന്റെ ഗ്രാഹ്യതയ്ക്ക് അറബിഭാഷയുടെ നിലനിൽപ് അനിവാര്യമാകുന്നു. അതിനാൽ ഖുർആന്റെ അനശ്വരത അറബിഭാഷയെയും അനശ്വരമാക്കി. പ്രഗത്ഭ ഇന്ത്യൻപണ്ഡിതനും ഗ്രന്ഥകാരനുമായ ഹമീദുദ്ദീൻ ഫറാഹി അറബിയിൽ മാത്രമാണ് ഗ്രന്ഥരചന നടത്തിയത്. ഇന്ത്യക്കാരായ സാമാന്യജനത്തിന് പ്രയോജനപ്പെടണമെങ്കിൽ ഗ്രന്ഥങ്ങൾ ഉർദുവിലായിരിക്കേണ്ടത് അനിവാര്യമാണെന്നിരിക്കെ അറബിയിൽ രചന നടത്തിയതിന്റെ കാരണമന്വേഷിച്ചവരോട് അദ്ദേഹത്തിന്റെ മറുപടി: "എന്റെ ഗ്രന്ഥങ്ങൾ അനശ്വരമാവാൻ ആഗ്രഹിക്കുന്നു"വെന്നായിരുന്നു. അറബിയൊഴികെ മറ്റൊരു ഭാഷയ്ക്കും അനശ്വരത ഉറപ്പുനൽകാൻ സാധ്യമല്ലെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്.



അറേബ്യയുടെ ഹ്രസ്വമായ ഭൂപരിധിയിൽനിന്ന് അറബിഭാഷയെ പുറത്തുകൊണ്ടുവരാനും ഖുർആന്നു സാധിച്ചു. പലയിടങ്ങളിലും തദ്ദേശീയ ഭാഷകൾ തിരോഭവിക്കുകയും തൽസ്ഥാനം അറബിഭാഷ കൈയടക്കുകയും ചെയ്തു

അറേബ്യയുടെ ഹ്രസ്വമായ ഭൂപരിധിയിൽനിന്ന് അറബിഭാഷയെ പുറത്തുകൊണ്ടുവരാനും ഖുർആന്നു സാധിച്ചു. ഇസ്‌ലാമിന്റെ വ്യാപനത്തിനൊപ്പം അറബിഭാഷ പ്രചരിച്ചുകൊണ്ടിരുന്നു. വിവിധ ഭാഷ സംസാരിച്ചിരുന്ന ഭിന്ന ദേശക്കാരായ മുസ്‌ലിംകളെ പരസ്പരം ബന്ധിപ്പിക്കുന്ന പൊതുഭാഷയായിത്തീർന്നു അറബി. പലയിടങ്ങളിലും തദ്ദേശീയ ഭാഷകൾ തിരോഭവിക്കുകയും തൽസ്ഥാനം അറബിഭാഷ കൈയടക്കുകയും ചെയ്തു. പുതിയ പദപ്രയോഗങ്ങളും സങ്കേതങ്ങളും ആശയങ്ങളും നൽകി അറബിഭാഷയെ ഖുർആൻ സമ്പുഷ്ടമാക്കി. ജാഹിലീപശ്ചാത്തലത്തിലുള്ള പദപ്രയോഗങ്ങളിൽ ഒതുങ്ങിനിന്ന അറബിഭാഷ ഇസ്‌ലാമിന്റെ സവിശേഷ പ്രകൃതം രൂപകൽപന ചെയ്ത പദാവലികളാൽ സമ്പന്നമായിത്തീർന്നു. ഖുർആൻ അറബിഭാഷയ്ക്കു സമ്മാനിച്ച ഇത്തരം പദങ്ങളും പ്രയോഗങ്ങളും നിരവധിയാണ്. ഫുർഖാൻ, കുഫ്ർ, ഈമാൻ, ഇശ്റാക്, ഇസ്‌ലാം, നിഫാഖ്, സ്വൗമ്, സ്വലാത്, സകാത്ത്, തയമ്മും, റുകൂഅ്, സുജൂദ് തുടങ്ങിയവ ഉദാഹരണങ്ങൾ.

കേവലം ചില പദങ്ങളുടെയോ പ്രയോഗങ്ങളുടെയോ ആവിഷ്കാരത്തിലൊതുങ്ങുന്നതല്ല; ദൈവികനിയമസംഹിതയുടെഅന്തസ്സത്തയുമായി ബന്ധപ്പെട്ടതാണീ പ്രതിഭാസം. അറബിഭാഷയെ സംബന്ധിച്ചേടത്തോളം തികച്ചും അന്യവും അപരിചിതവുമായിരുന്നു അതിന്റെ ഉള്ളടക്കം. അതു മുഖേന പദാർഥനിബദ്ധമായ ഇന്ദ്രിയാനുഭവങ്ങളുടെ വിതാനങ്ങളിൽനിന്നുയർന്ന് ഇന്ദ്രിയാതീതമായ ആത്മജ്ഞാനത്തിന്റെ ഉത്തുംഗമേഖലകളിൽ വിരാജിക്കാൻ അറബിഭാഷയ്ക്കു കഴിഞ്ഞു. ഖുർആനിൽനിന്ന് നിരവധി വിജ്ഞാനശാഖകൾ ഉരുവം കൊള്ളുകയുണ്ടായി. അറബികൾ ആർജിച്ച ജ്ഞാനങ്ങളൊക്കെയും ഖുർആൻ അവരിൽ അങ്കുരിപ്പിച്ച വിജ്ഞാനതൃഷ്ണയുടെ ഫലമാണെന്ന പ്രസ്താവനയിൽ അത്യുക്തി ഒട്ടുമില്ല. *ഇൽമുൽ ഖിറാആത്ത്* (ഖുർആന്റെ പാഠഭേദങ്ങൾ), *തഫ്സീർ* (ഖുർആൻ വ്യാഖ്യാനം), *അസ്ബാബുന്നുസൂൽ* (അവതരണപശ്ചാത്തലം), *നഹ്‌വ്* (വ്യാകരണം), *സ്വർഫ്* (പദരൂപവിജ്ഞാനം), *ഇൽമുൽ ബലാഗഃ* (അലങ്കാരശാസ്ത്രം), *ഇൽമുല്ലുഗഃ* (ഭാഷാശാസ്ത്രം), *ഇൽമുൽ അദബ്* (സാഹിത്യവിജ്ഞാനം), *ഇൽമുൽ ഇശ്തിഖാഖ്* (പദോൽപത്തി ശാസ്ത്രം), *ഇൽമുൽഖുർആൻ* (ഖുർആൻ വിജ്ഞാനം), *ഇൽമുൽ ഹദീസ്* (ഹദീസ് വിജ്ഞാനം), *ഫിഖ്ഹ്* (കർമശാസ്ത്രം), *ഉസ്വൂലുൽ ഫിഖ്ഹ്* (കർമശാസ്ത്രനിദാന തത്ത്വങ്ങൾ) തുടങ്ങിയവ ഖുർആനിൽനിന്നുയിർക്കൊണ്ട വിജ്ഞാനശാഖകളിൽ ചിലതുമാത്രമാണ്. ഖുർആനിൽനിന്ന് ആവിർഭവിച്ചതും സ്വതന്ത്രപഠനങ്ങൾക്കും രചനകൾക്കും വിഷയീഭവിച്ചതുമായ ഒട്ടേറെ വിജ്ഞാനങ്ങളെ ഇമാം സുയൂത്വി, *അൽഇത്ഖാൻ* എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഇസ്‌ലാമികപൂർവകാലത്തെ പ്രസിദ്ധ കവികളുടെ കവിതകൾ സംരക്ഷിക്കപ്പെടാനും ഇക്കാലത്തുപോലും പഠനവിധേയമായിത്തീരാനും കാരണമായത് ഖുർആനാകുന്നു. ഖുർആനിലെ പ്രചാരലുപ്തമായ (ഗരീബ്) പദങ്ങളുടെ അർഥവും നിഷ്പത്തിയും ഗ്രഹിക്കാൻ ഖുർആൻവ്യാഖ്യാതാക്കളും ഭാഷാപണ്ഡിതന്മാരും അറബികവിതകളെയാണ് ആശ്രയിച്ചിരുന്നത്. ഇബ്നുഅബ്ബാസ് പ്രസ്താവിച്ചു: "കവിത അറബികളുടെ നോട്ടുകളാകുന്നു. അറബിയിലവതരിച്ച ഖുർആനിലെ വല്ല പദത്തിന്റെയും ഉദ്ദേശ്യം അവ്യക്തമായിരുന്നാൽ പ്രസ്തുത നോട്ടുകളെ അവലംബിച്ച് ഞങ്ങൾ അത് കണ്ടെത്തും". കവിതകൾ ഹൃദിസ്ഥമാക്കാനും ഖുർആനികപദങ്ങളുടെ അർഥകൽപനക്ക് അവയിൽ തെളിവ് കണ്ടെത്താനും ഇബ്നുഅബ്ബാസിന് അനിതരസാധാരണമായ കഴിവായിരുന്നു (സുയൂത്വി- *അൽഇത്ഖാൻ*). ഖുർആനികപദങ്ങളുടെ അർഥവും നിഷ്പത്തിയും അന്വേഷിച്ചു ഗ്രഹിക്കാനുള്ള അഭിവാഞ്ഛയാണ് ജാഹിലീകവിതകൾപോലും പഠനവിധേയമാകാനും സൂക്ഷിക്കപ്പെടാനും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടാനും നിമിത്തമായത്. ഇംറുഉൽ ഖൈസ്, ലബീദ്, സുഹൈർ തുടങ്ങിയ ജാഹിലീ കവികളുടെ സൃഷ്ടികൾ ഇന്നും വായിക്കപ്പെടാനുള്ള കാരണവും അതുതന്നെ. ജാഹിലീകവിതകളോളം പഴക്കമുള്ള ഒരു സാഹിത്യസൃഷ്ടിയും മൂലരൂപത്തിൽ മറ്റൊരു ഭാഷയിലും ഇന്ന് ലഭ്യമല്ല. ഉണ്ടെങ്കിൽതന്നെ ആധുനികകാലക്കാർക്കത് സുഗ്രാഹ്യമായിരിക്കുകയില്ല.

അറബിഭാഷയിലും സാഹിത്യത്തിലും ഖുർആൻ ചെലുത്തിയ സ്വാധീനം ലോകത്ത് ഒരു ഭാഷയിലും ആ ഭാഷയിലെ ഏതെങ്കിലുമൊരു ഗ്രന്ഥം ചെലുത്തിയിട്ടില്ല. പതിനാലു നൂറ്റാണ്ട് പിന്നിട്ടശേഷവും അറബിഭാഷയുടെയും സാഹിത്യത്തിന്റെയും അത്യുദാത്ത മാതൃകയായി ഖുർആൻ വിരാജിക്കുന്നു. ഖുർആനിനു സമാനമോ അതിനോടടുത്ത് നിൽക്കാവുന്നതോ ആയ ഒരു ഗ്രന്ഥവും അറബിഭാഷയിൽ ഇതേവരെ ഉണ്ടായിട്ടില്ല. കാലപ്പഴക്കത്താൽ അതിലെ ഏതെങ്കിലും പദമോ പ്രയോഗമോ വ്യവഹാരതലത്തിൽനിന്ന് നിഷ്ക്രമിച്ചിട്ടില്ല. ഖുർആന്റെ ഭാഷ തന്നെയാണ് ഇന്നും ശുദ്ധമായ അറബിഭാഷ. ■